# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1318 — 02/05/2017-ൽ മറുപടിക്ക്

### ഈ വർഷത്തെ ഹജ്ജ് ക്യാമ്പ്

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | മറുപടി<br>ശ്രീ.കെ.ടി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഈ വർഷത്തെ ഹജ്ജ് ക്യാമ്പുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | എ) | 2017 വർഷത്തെ ഹജ്ജ് ക്യാമ്പ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതേയുള്ളൂ. മുൻ വർഷങ്ങളിലെപ്പോലെ ഈ വർഷവും ഹജ്ജ് ക്യാമ്പ് നെടുമ്പാശ്ശേരിയിലാകാൻ സാധ്യതയുള്ളതിനാൽ സിയാൽ അധികൃതരുമായി ബന്ധപ്പെട്ട് എല്ലാ സഹായവും അഭ്യർത്ഥിച്ചിട്ടുണ്ട്. |
| ബി) | ഹജ്ജ് ക്യാമ്പിന്റെ നടത്തിപ്പിന് വേണ്ടി പ്രത്യേകമായി ഏതെങ്കിലും ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | ഹജ്ജ് ക്യാമ്പിന്റെ നടത്തിപ്പിന് വേണ്ടി പ്രത്യേകമായി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല. |
| സി) | ഹാജിമാർക്ക് ഏതെല്ലാം തരത്തിലുള്ള സൗകര്യങ്ങളാണ് ക്യാമ്പിൽ ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | സി) | ഹജ്ജിന് പുറപ്പെടുന്നതിന് ഹാജിമാർക്ക് ആവശ്യമായ യാത്രാരേഖകളും മറ്റും കൈമാറുക, യാത്രയ്ക്ക് തയ്യാറാകുന്നതിന് വേണ്ട ഒരുക്കങ്ങൾ ചെയ്യുക, കൂടാതെ ഭക്ഷണം, താമസം, വൈദ്യസഹായം തുടങ്ങി ഹാജിമാർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ക്യാമ്പിൽ ലഭ്യമാക്കുന്നു. |
| ഡി) | സംസ്ഥാന സർക്കാരിന് പുറമെ നെടുമ്പാശ്ശേരി എയർപോർട്ട് അതോറിറ്റി സ്വന്തമായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന വിവരം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ? | ഡി) | നെടുമ്പാശ്ശേരിയിൽ കഴിഞ്ഞ വർഷങ്ങളിൽ (2016, 2015) എയർപോർട്ട് അതോറിറ്റി ഹാജിമാർക്ക് താമസിക്കുന്നതിനും, നമസ്ക്കരിക്കുന്നതിനുമുള്ള സൗകര്യങ്ങളും, കോൺഫറൻസ് ഹാൾ, ഭക്ഷണ ഹാൾ, അടുക്കള, ടോയിലറ്റ്, കുളിമുറി തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പാട് ചെയ്തിരുന്നു. പ്രസ്തുത സഹായങ്ങൾ ഈ വർഷവും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ